# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **4072** **16.12.2014**- ലെ മറുപടിക്ക്

**സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിലെ പലിശ നിരക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.റ്റി.ജോർജ്ജ്**<br>**,, റ്റി.എൻ. പ്രതാപൻ**<br>**,, കെ ശിവദാസൻ നായർ**<br>**,,എം.പി. വിൻസെന്റ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ, വിശദമാക്കാമോ; | (എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15% ആയും സ്വർണ്ണപണയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12% ആയും നിജപ്പെടുത്തികൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശ നിരക്ക് കുറച്ചിട്ടുള്ളത്. വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ക്യാഷ് ക്രഡിറ്റ്/ഓവർഡ്രാഫ്റ്റ്, മോർട്ട്ഗേജ്/ ഭൂസ്വത്ത് വാങ്ങാനുള്ള സാധാരണ വായ്പ, ബിസിനസ് വായ്പ വ്യവസായ വായ്പ, സ്വർണ പണയ വായ്പ എന്നിവയ്ക്ക് പലിശ നിരക്ക് കുറച്ചിട്ടുണ്ട്. |
| സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത് ; വിശദമാക്കാമോ; | (സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവയ്ക്കാണ് ഈ നിരക്കുകൾ ബാധകമാക്കിയിട്ടുള്ളത്. |
| ഡി) ഏത് തീയതി മുതൽക്കാണ് ഇതിന് പ്രാബല്യ മുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) 30.05.2014 മുതൽ പ്രാബല്യമുണ്ട്. |

**സെക്ഷൻ ഓഫീസർ**